1369
916

# ഒരു വിലാപം

എം. ലൂക്കോസ്സ്,
പുല്ലുവിള.

M. LUCCAS
PULLUVILA

PRINTED AT
ST. JOSEPH'S PRESS,
TRIVANDRUM
1957

വില അണ 8

ഗ്രന്ഥകർത്താവിൻെറ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

# ആമുഖം

നെയ്യാററിൻകര താലൂക്കിൽ പുല്ലുവിള എന്ന സ്ഥലത്തു് ഭൂജാതനായി, പല ഭാഷകളിലും പല കലകളിലും അനിതരസാധാരണമായ വൈദഗ്ദ്ധ്യം സമ്പാദിച്ചു് ഒടുവിൽ പുരോഹിതവൃത്തി കൈക്കൊണ്ടു് സ്വദേശത്തുതന്നെ അനല്പകാലം കഴിച്ചുകൂട്ടി, സ്വദേശാഭിവൃദ്ധിക്കായി നിരന്തര തീവ്രയത്നം ചെയ്തു. സ്വജീവനെ ബലികഴിച്ച ദിവ്യശ്രീ റവ. ഫാദർ ജോക്കിം ഡിക്കോസ്റ്റയുടെ വിരഹത്തിൽ പുല്ലുവിള മാതാവു് വിലപിക്കുന്നതായി എഴുതിയിട്ടുള്ളതാണു് ഈ ചെറുകൃതി.

ദേഹവിയോഗദിവസമായ 1931 സെപ്റ്റംബർ 4-ാംതീയതി നിശാവേളയിൽ തന്നെ, അടുത്തദിവസം ആരംഭിക്കാവുന്ന യോഗത്തിൽ വായിക്കണമെന്ന ആഗ്രഹാതിരേകത്താൽ ആകൃഷ്ടചിത്തനായി എഴുതി തീർത്തതാണെന്നു പ്രാരംഭമായി പ്രസ്താവിച്ചുകൊള്ളുന്നു.

തന്റെ ഓമനപ്പുത്രന്റെ മൃതദേഹത്തെ പുരോഭവിമഞ്ചത്തിൽവച്ചു് ശൈശവം, ബാല്യം എന്നീ കാലങ്ങളിൽ അതുല്യം വിളങ്ങിയ ഗുണഗണങ്ങളെ ചിന്തിച്ചും, വിദ്യാഭ്യാസകാലത്തിൽ സതീർത്ഥ്യക്കാശ്ചര്യമുളവാക്കി ഗുരുവരന്മാരുടെ അഭിനന്ദനത്തിനു പാത്രീഭൂതനായി നിതരാം പ്രശോഭിച്ചതിനെ ഓർത്തും, പല കലകളുടെ അഭ്യാസപരിണതഫലമായി പല പ്രവൃത്തനങ്ങളിൽ ഏൎപ്പെട്ടു് തന്നെ സമുദ്ധരിക്കാൻ നിരന്തരം ചെയ്തു പ്രയ

ന്നാതിരേകം വിചാരിച്ചും, അനന്തരം പുരോഹിതവൃത്തി കൈക്കൊണ്ടു് അഹോരാത്രം വിശ്രമമശേഷമില്ലാതെ അഭ്യുദയത്തിന്നായ് ചെയ്ത പ്രവൎത്തനങ്ങളും തദ്ഫല മായുളവായ ഗുണസമുഛയവുമോൎത്തും നെടുവീൎപ്പിട്ടു ണ്ടായ നയനസലിലവാപിയിൽ താണുപൊങ്ങി വില പിക്കുകയും, ഈ സന്താപവാൎത്തയറിഞ്ഞു് അംബരാം ബിക, ഭൂദേവി ആദിയായ സഹോദരികൾ ദുഃഖത്തിൽ പങ്കുകൊണ്ടു് ശോകാകുലരായി ചമയുകയും, അനന്തരം ദേഹസംസ്കാരം ബഹുഭംഗിയായി നിൎവ്വഹിച്ചു ഗേഹ ത്തിൽ മടങ്ങിയെത്തി പ്രലപിക്കുകയും ചെയ്യുന്ന പുല്ലുവിള മാതാവിനെ ഗ്രന്ഥകൎത്താവു് ആശ്വസിപ്പിക്കു കയും ചെയ്യുന്നതായിട്ടാണു് ഈ ചെറുകൃതിയിലെ കഥ ഘടിപ്പിച്ചിട്ടുള്ളതു്.

വിലാപകാവ്യങ്ങളുടെ വിരളത കൈരളിയെ വ്രീള മനസ്കയാക്കി നമ്രമുഖിയായി കാലയാപനം ചെയ്യാൻ ഹേതുഭൂതമാക്കിയിട്ടുള്ളതിൽനിന്നും തെല്ലൊരു വിരാമം ഇടാൻ ഈ കൃതി സഹായിക്കുമെങ്കിൽ ഞാൻ കൃത കൃത്യനായി.

പെട്ടെന്നു സമാഗതമായ ആവശ്യം പ്രമാണിച്ചു് ദ്രുതഗതിയിൽ അല്പസമയത്തിനുള്ളിൽ എഴുതി തീൎത്ത ഈ കൃതിയിൽ, ഹൃദയാകൎഷമായ ചെടിയിൽ അതിമ നോഹരമായ കുസുമാവലികൾ പൊന്തിനിന്നു പുഞ്ചിരി ചൊരിയുന്നതുപോലുള്ള കവിതാഭാഗങ്ങൾ ഉദ്ധരിച്ചുകാ ണിക്കുവാൻ ഞാൻ ശ്രമിച്ചില്ലെങ്കിലും അതിൻെറ സമ ഗ്രമായ സാന്ദ്രഛായയെങ്കിലും വരുത്താൻ തെല്ലു യത്നി

ച്ചിട്ടുണ്ടെന്നു മാന്യവായനക്കാർ സമ്മതിക്കുമെങ്കിൽ എന്റെ പ്രയത്നം നിഷ്ഫലമല്ലെന്നു സമാശ്വസിക്കാൻ കാരണമാകുന്നതാണ്.

കഥാപുരുഷന്റെ ദേഹവിയോഗസമയാനന്തരദിനം വിധിവൈപരീത്യത്താൽയോഗം നടക്കാതായതിന്റെഫലമായി എന്റെ കൈയെഴുത്തുപ്രതി മേശയ്ക്കുള്ളിൽ ഇരുളിലാണ്ടു തിരോധാനം ചെയ്യേണ്ടിവന്നു. ഇരുപത്തഞ്ചു കൊല്ലം കഴിഞ്ഞ് എന്റെ ഗുണകാംക്ഷികളായ പല ബഹുമാന്യരുടെയും ശ്രമഫലമായി മേശയ്ക്കുള്ളിൽ നിന്നു മന്ദമന്ദം പുറത്തിറങ്ങി അരുണകിരണ കരസ്പർശമേല്ക്കാനിപ്പോളിടയായി. അറയ്ക്കുള്ളിൽനിന്നു പുറത്തിറക്കാൻ ശ്രമിച്ചവരുടെ കൂട്ടത്തിൽ എന്റെ ബഹുമാന്യസഹോദരി ശ്രീമതി എം. ശബര്യാറം അവർകൾ പ്രാധാന്യം അർഹിക്കുന്നുണ്ടെന്നുള്ളതു് പ്രത്യേകം പ്രസ്താവയോഗ്യമാണ്. പ്രോത്സാഹകർക്കും ഭാവുകഭാവിക്കായി അഭിപ്രായം എഴുതിച്ചേർത്ത വന്ദ്യന്മാർക്കും എന്റെ നിഷ്കളങ്കമായ കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു.

പുല്ലുവിള,<br>
19—9—1596.

ഗ്രന്ഥകർത്താ.

# സമൎപ്പണം

നറുമണമിയലും സുമമതിൽനിന്നും പ്രസരിക്കുന്ന കാന്തിപരമ്പരപോലെ ഏതൊരകതാരിൽനിന്നും പ്രവഹിച്ചിരുന്ന ഭക്തിപ്രകൎഷാതിരേകത്താൽ ആകൃഷ്ടചിത്തനായി ദിനരാത്രങ്ങൾ ഞാൻ കഴിച്ചുവോ, ആ എൻെറ വാത്സല്യാതിരേകത്തിനു പാത്രമായ—1117 കൎക്കടകം 4-ാംതീയതി ദിവംഗതയായ, അനന്തരവൾ ബാലവല്ലി സൗഭാഗ്യവതി എസ്സ്. പുഷ്പലീലിയുടെ പാവനസ്മരണയ്ക്കായി എൻെറ പ്രഥമകൃതിയായ ഈ കാവ്യതല്ലജം അൎപ്പണംചെയ്തുകൊള്ളുന്നു.

ഗ്രന്ഥകൎത്താ.

# അഭിപ്രായങ്ങൾ

ശ്രീമാൻ എം. ലൂക്കോസ്സ് അവർകളുടെ "ഒരു വിലാപം" ഞാൻ വായിച്ചു. ആദ്യന്തം ശോകരസസമ്പൂർണ്ണമായ ഈ വിലാപകാവ്യം വായനക്കാർ കണ്ണീർ പൊഴിക്കാതെ താഴെ വയ്ക്കുന്നതല്ലെന്നു നിവ്വിശങ്കം പറയാവുന്നതാണ്. കവിയുടെ ഭാവന പലസ്ഥലങ്ങളിലും വ്യക്തമായിട്ടുണ്ട്. കൈരളിയെ ഉത്തരോത്തരം നവംനവങ്ങളായ കാവ്യങ്ങൾകൊണ്ടു് ഭൂഷിതഗാത്രിയാക്കുവാൻ ഈ കവിയെ ജഗദീശൻ അനുഗ്രഹിക്കട്ടെ.

സി. സ്വാമിനാഥപ്പിള്ള, B. A., L. T.

തിരുവനന്തപുരം
16–7–'56.

ഹെഡ്മാസ്റ്റർ
സെൻറ് ജോസഫ്സ് E. H. S.
തിരുവനന്തപുരം.

മിസ്റ്റർ എം. ലൂക്കോസ്സിൻെറ ഒരു വിലാപകാവ്യം ഞാൻ ഒരു ആവൃത്തി വായിച്ചു. ഉയൎന്ന മനോഭാവം ഉൾക്കൊള്ളുന്ന ഈ കാവ്യം വായനക്കാരുടെ ഹൃദയാന്തർഭാഗങ്ങളെ ഇളക്കുന്നതിനു പുറമെ ഇന്നത്തെ ലോകചിന്താവിഷയങ്ങളിൽ ആസക്തി ഉള്ളവരാക്കുകയും സ്വദേശാഭിമാനത്തോടുള്ള സ്നേഹത്തെ വൎദ്ധിപ്പിക്കുവാൻ കാരണമാക്കുകയും ചെയ്യുന്നുവെന്നു നിസംശയം പറയാം.

സി. ജ്ഞാനപ്രകാശംപിള്ള
B. A. B. L.
അഡ്വക്കേററ്
തിരുവനന്തപുരം

തിരുവനന്തപുരം
16-7-1956

ശ്രീ. എം. ലൂക്കോസ്സ് അവർകളുടെ 'ഒരു വിലാപം' വായിച്ചു. ഒരു മാതൃകാപുരുഷൻെറ അകാല ദേഹവിയോഗത്തിൽ കവിയുടെ ആത്മാർത്ഥമായ ഹൃദയരോദനം ഇതിൽ ഉടനീളം പ്രതിഫലിച്ചുകാണാം. വാസനാസമ്പന്നനായ ഈ കവിയ്ക്കു് സകലഭാവുകങ്ങളും അശംസിച്ചുകൊള്ളുന്നു. ഉത്തരോത്തരം ഉത്തമകവിതകൾ കൈരളിക്കു ലഭിക്കുവാൻ ജഗദീശ്വരനോടു പ്രാൎത്ഥിക്കുന്നു.

ഒപ്പു്

Karicade,
11-10-'56

എം. കെ. എസ്സ്. ആബ്ദീൻ,
B. A., B. T.

മി: എം. ലൂക്കോസ്സിൻെറ " ഒരു വിലാപ"ത്തിന് ആത്മാത്ഥതയും ആഴവും കാണുന്നുണ്ട്. സ്വാനുഭവത്തിൽനിന്നും ഉടലെടുത്ത് ഹൃദയത്തെ സ്പർശിച്ചുകൊണ്ട് ഉയന്നിട്ടുള്ളതായിരിക്കണം ഈ വിലാപം.

റവ: ഫാ: "ജോക്കിം ഡിക്കോസ്റ്റ"യുടെ ചരമത്തിൽ അദ്ദേഹത്തിൻെറ പ്രിയമാതാവ്—ദേശമാതാവ് മകൻെറ ഗുണഗണങ്ങളെച്ചൊല്ലി "നെഞ്ചത്ത് കൈയറഞ്ഞു" വിലപിക്കുന്നതും അതു കണ്ടും കേട്ടും ആർദ്രഹൃദയനായിതീന്ന ഗ്രന്ഥകാരൻ "ആഴമാമഴലാഴിവിട്ടൊഴിഞ്ഞെഴുന്നേല്ക്ക" എന്നു സ്വാന്തനവാക്കുകളോതി അവരെ സമാശ്വസിപ്പിക്കാൻ ശ്രമിക്കുന്നതുമാണ് ഗ്രന്ഥത്തിലെ പ്രതിപാദ്യം. പൊങ്ങിച്ചയൊച്ചചേത്തു പല്ലവിളംബികയാം നെഞ്ചകം പൊട്ടുമാറു വിട്ടിടുന്നൊരു ചാരുപഞ്ചമ" സ്വനമാണ് നാം കേൾക്കുന്നതിൻ അധികഭാഗവും

"പഞ്ചസാരത്തരിതൻ സഞ്ചയമെന്നപോലെ
.... .... .... .... .... .... .... .... .... .... .... .... .... ...
സുന്ദരമുക്താഗണം പാരംപരന്നപോലെ".

മുതലായ വരികൾ വായിക്കുമ്പോൾ ഗ്രന്ഥകാരൻെറ ഭാവന "കൈലാസമല"യോളം ഉയരുന്നതുകാണാം.

"സാഗരംസാരംഗാദിമൃഗങ്ങൾ സസ്യാദിയും
.... .... .... .... .... .... .... .... .... .... .... .... .... ....
ശാശ്വതാന്തരാത്മാവെ സൂക്ഷിപ്പാനൊരുങ്ങു നീ"

മുതലായ വരികളിലെത്തുമ്പോഴേയ്ക്കും കവി ഒരു വലിയ തത്വചിന്തകനായിട്ടുയരുന്നു. ചുരുക്കത്തിൽ കവി തൻെറ ശ്രമത്തിൽ വിജയം വരിച്ചിട്ടുണ്ടെന്നുതന്നെ പറയാം. ഗ്രന്ഥകാരനും ഗ്രന്ഥത്തിനും സകലവിധ വിജയങ്ങളും ആശംസിക്കുന്നു.

ഒപ്പ്

നിലമേൽ
31-10-'56

കെ. വൈ. അഹമ്മദുപിള്ള
B. Sc. & B. T.

ശ്രീമാൻ എം. ലൂക്കോസ്സ് അവർകളുടെ "ഒരു വിലാപം'' ഞാൻ സശ്രദ്ധം വായിച്ചു. ശോകരസം ഉടനീളം തുളുമ്പുന്ന ഈ വിലാപകാവ്യരചനയിൽ കവി അനുമോദനാർഹനാണ്. അദ്ദേഹത്തിനു ഞാൻ സകല ഭാവുകങ്ങളും നേരുന്നു.

ഒപ്പ്

മാവേലിക്കര
2-10-1956

കെ. പി. പണിക്കർ
ററീച്ചർ

# ഒരു വിലാപം

നിദ്രയും കുറയുന്നു നേരവും പാതിരാവായ്
ചിദ്രൂപവിചാരത്തിലൊട്ടുനേരം കിടന്നേൻ
എന്തൊരു നിലവിളിമന്തികസ്ഥലത്തിപ്പോ-
ളന്തമില്ലാതെ കേൾക്കുന്നതെന്തായിരിക്കാമിത്ര ?
മണ്ടിവിരണ്ടുചെന്നു ശബ്ദത്തിൻ ദിക്കുനോക്കി
കണ്ടൊരു കാഴ്ചയാലെസ്തംഭിച്ചുനിന്നേനഹം
കാണുന്നേനഹോ! കഷ്ടമെന്തൊരു കാഴ്ചയാണോ ?
കാണിയും ദയവില്ലാത്തീശ്വരൻ ചതിയല്ലേ ?
സന്താപം മുഴുത്തുതന്നന്തഃകരണമെല്ലാം
വെന്തുവെന്തങ്ങുമിങ്ങും സന്തതമുരുണ്ടിട്ടും
നെഞ്ചത്തു കയ്യുറഞ്ഞും മേനിയും കുന്തളവു-
മഞ്ചിതമാനസ്സയായ് പങ്കത്തിൽ പതിപ്പിച്ചും
ലോചനോദകത്താലങ്ങാവിർഭവിപ്പിച്ചതാം
മോചനം കാണാത്തുള്ള വാപിയിൽ താണുപൊങ്ങി
തേങ്ങിക്കരഞ്ഞു നാലുദിക്കെങ്ങും മുഴങ്ങിടും
പൊങ്ങിച്ചയൊച്ചചേർത്തു ‘‘പുല്ലവിളംബികയാൾ’’
നെഞ്ചകം പൊട്ടുമാറു വിട്ടിടുന്നൊരു ചാരു
പഞ്ചമസ്വനമല്ലാതൊന്നുമില്ലൊരിക്കലും
കഷ്ടമേ! കഷ്ടമയ്യോ!യിത്തരം ഭവിച്ചിടാൻ
ദിഷ്ടക്കേടേററമായിട്ടുണ്ടോകാതിരിക്കില്ല
‘‘ഉച്ചി’’താ കാണുന്നഹോ! ശോകത്തിൻ
ഹേതു ഞാനു-
മിവ്വിധമിത്തവ്വിങ്കലുണ്ടായാൽ മതിയാമോ?

ലാളിച്ചുപെററുപോററി ജീവൻ തൻജീവായി
സ്നേഹത്തിൻധാമമായി മാനിച്ചുവളർത്തൊരു
കല്യാണരൂപനിതാ! 'ജോക്കിം ഡിക്കോസ്റ്റയപ്പൻ'
പല്യങ്കേ ശയിക്കുന്നിങ്ങായവൾ മുമ്പിലായി
കാൽനീട്ടി നിശ്ചേഷ്ടനായ് ഹൈമംപോൽ
തണുത്തേററം
ഹസ്തേ പിടിച്ചു ക്രൂശും കണ്ണുമടച്ചുനന്നായ്
നീണ്ടുനിവന്നുകിട കാണുമ്പോൾ കരിങ്കല്ലും
വേണ്ടോളമലിഞ്ഞുപോം കില്ലേതുമില്ലായിതിൽ
മിന്നലിന്നൊളിചേർന്ന ക്രൂരിരുൾചുരുൾപോലെ
ഉന്നിദ്രകാന്തിചിന്തും വക്ത്രജം മന്ദാനിലൻ
മെല്ലവേയണയുമ്പോൾ വീജനംചെയ്തുമുഖ-
പത്മത്തെ കുളിപ്പിച്ചുപാരം പരിചരിപ്പൂ.
ചെന്തൊണ്ടിപ്പവിഴവായ് ശുക്തിതന്നുള്ളിലുള്ള
ചന്തമാം മുത്തുകൾ തന്നഗ്രവും കാണ്മീലഹോ!
രോദനത്തൊടുചേർത്തു വാരിജലോചനയാൾ
പാദവുംവിറയ്ക്കുമാറെന്തഹോ! പുലമ്പുന്നു.
എന്താകും പുലമ്പലെന്നാഹന്ത! ശ്രദ്ധിച്ചുഞാൻ
ചന്തത്തിൽ കേൾക്കട്ടെയീമാതാവിൻ രോദനത്തെ.

എന്തിനു സുതന്മാരെൻ ചന്തം കെടുപ്പതിന്നാ-
യന്തമില്ലാതപ്പപ്പോൾ ജാതമാക്കീടുന്നുഞാൻ
വൻതപം ചെയ്കതിനാൽ ദേവനും പ്രസാദിച്ചു
ഭൃതിപൂരിതനാക്കി തന്നൊരു നൽകുമാരാ!
എന്നെനീ വെടിഞ്ഞിപ്പോളെങ്ങുപോയ് മറഞ്ഞിതു
മുന്നമെ ഞാനിതൊന്നുമോർത്തില്ലയെന്നോമനേ!
നിന്നെ ഞാൻ മകരന്ദപാൽപഴമെന്നിവയാൽ
മുന്നം ചെറുപ്പകാലം പോററിവളർത്തിയില്ലേ?

പഞ്ചവൎണ്ണങ്ങൾചേരും ചന്തമാം തൊട്ടില്ക്കൽ
പഞ്ചമക്കിളികൊഞ്ചൽ പാടിയുറക്കിയില്ലേ?
മല്ലിക, ജാതി, റോസ്സും, ചമ്പകാദികളെല്ലാം
ഫുല്ലമായ് വീശുമെണ്ണമററുള്ള സുഗന്ധത്തിൻ
ധോരണിതിങ്ങും പുഷ്പവാടിയുമെത്രയെത്ര
പാരാതെതീൎത്തുനിന്നെ പ്രോല്ലസനാക്കിയില്ലേ?
ധീരനാം സമീരണനാരാമസൽ സമ്പത്തിൻ-
സാരമാം സുമണമപ്പാടെ കവൎന്നുചേൎത്തു
സൌരഭ്യമേലുമേററം വാപിയിലാറാടിച്ചു
പാരം വിശുദ്ധനാക്കിതോഷിതനാക്കിയില്ലേ ?
കോകിലഗായകരെ പാട്ടിനുവരുത്തി ഞാൻ
സാഗരവീചിയാലെ താളവും പിടിപ്പിച്ചു
മേളിച്ചുസദിരാക്കിയാനന്ദം വളൎത്തിടാ-
നാവോളം ശ്രമിച്ചില്ലേ? യാനന്ദത്തുമരന്ദാ
ധാരകാഠിന്യശക്തിയേറിട്ടും ഭരണാന്തേ
വാരുണീകാന്തവീട്ടിൽ നിദ്രയ്ക്കുപോയിടുവാൻ
ദൈനസാമ്രാജ്യപതി പശ്ചിപാഥോധിയിൽ
മാനസം കളുക്കെത്താൻമജ്ജനം കഴിപ്പതും
അന്തിക്കവാരുണീതാൻ കത്തിച്ചദീപദീപ്തി
പന്തിയിലന്തിച്ചോപ്പായ് വന്നിടുന്നതിനെയും
ഇഷ്ടപ്രേയസികളാം താരകളൊത്തു സോമൻ
പുഷ്ടസന്തുഷ്ടിയോടുമംബരാങ്കണത്തിങ്കൽ
പുഞ്ചിരിച്ചന്ദ്രികയും ചെഞ്ചെമ്മേ തൂകിത്തൂകി
കൊഞ്ചിക്കളിക്കും കാഴ്ചകണ്ടു രസിപ്പതിന്നും
നൽസൂനസൂനുക്കളെ ലാളിച്ചുതൊട്ടിലാട്ടി
പ്രസ്സുവാം ലതയൊടുസമ്മാനം വാങ്ങിയനൽ
സൗഗന്ധച്ചാറുപൂശിവന്നിടും മരുത്തുത-
ന്നംഗസ്പൎശനസുഖംപൂണ്ടുമിരിപ്പാനായി

പഞ്ചസാരത്തരിതൻ സഞ്ചയമെന്നപോലെ
നെഞ്ചകം കുളിർത്തിടും കർപ്പൂരക്കൂട്ടംപോലെ
പാലാഴിതരങ്ങളുടൻ കട്ടിപിടിച്ചപോലെ
കൈലാസമഹാമല ചിന്നിത്തകർന്നപോലെ
വെൺതാമരപ്പൂക്കളിൻജാലമതെന്നപോലെ
വിണ്ടലനദീജലം പാരിലുറച്ചപോലെ
ചന്ദ്രികയൊന്നുചേർന്നു ഭൂവിൽപതിച്ചപോലെ
സുന്ദരമുക്താഗണം പാരംപരന്നപോലെ
ശ്വേതനിറം കലർന്നങ്ങേററം പരിലസിക്കും.
നൂതനസൈകതങ്ങൾ തീർത്തുഞാൻ നൽകിയില്ലേ?
എന്നെയുപേക്ഷിച്ചുനീ പെട്ടെന്നു പോയിടുവാൻ
നിന്നിലെന്തപരാധംചെയ്തിതു? പൊൽത്തിടമ്പേ!

ബാല്യമാം കാലത്തിങ്കൽ ചാലവേ വിദ്യാലയം
ചേലൊടേപൂകുവാനായ് ദന്തംവിളക്കിയേററം
"സ്നേഹം കലർന്നദേഹം" മജ്ജനം കഴിച്ചുട-
നാകർഷകമാംവിധം കേശവും ചീകിനന്നായ്
സാദരം വസനമച്ചേലിലണിഞ്ഞുവേഗ-
മാമോദം കലർന്നുടൻ പുസ്തകം കയ്യിലേന്തി
പല്ലവം വെല്ലുന്നൊരുകാലിണവച്ചുനന്നായ്
മെല്ലവേപോകും നല്ല കാഴ്ചയെൻമാനസ്സത്തിൽ
ആമോദമമിതമായ് നൽകിയിരുന്നതിന്നു
ആമയം വളർത്തിയെൻ മർമ്മങ്ങൾ തകർക്കുന്നു.
പാഠശാലയിൽപോയി വന്നിങ്ങുചേർന്നാൽപിന്നെ
പീഠവുമൊരുക്കിച്ചു സോദരന്മാരെക്കൂട്ടി
ഈശ്വരലീലകളെ സൽക്കഥാരൂപമായി
വിശ്വമോഹനരൂപാ! കേൾപ്പിക്കും നേരമപ്പോൾ
ചാരത്തുമറഞ്ഞു ഞാൻ കേൾക്കുംനിൻ കഥകളിൻ
സാരത്തെയിനിയെന്നുകേൾക്കുമെൻ തേൻകുഴമ്പേ!

വിണ്ണവർ നാണിച്ചീടും കായികാഭ്യാസങ്ങള-
ങ്ങെണ്ണമില്ലാതെയെൻെറ മററുള്ള സുതന്മാരെ
ചെററുംവിടാതെതന്നെ വ്യക്തമായ് പഠിപ്പിച്ചു
മററുള്ള ദേശികരെ തോല്പിച്ചഭിമാനം
ചേർത്തിടാത്താനന്ദമെ! ചിന്താമണിയെ! യിപ്പോ-
ളാർത്തിവളർത്തിയെന്നിലെങ്ങുവാൻ ഗമിച്ചിതു?
എന്നുടെ വിദ്യാലയം തന്നിലങ്ങൊട്ടുദിനം
മാന്യമായഭ്യസിച്ചു തീർന്നപ്പോളെൻെറ തങ്കം
നിന്നുടെ വാഞ്ഛയാലെ ആംഗ്ലേയഭാഷയെത്താ-
ന്നൂനമായ് വിളങ്ങും ഹൃത്തടം തന്നിലാക്കാൻ
ലോകപിതാക്കളാലങ്ങുത്തമമാം വിധത്തിൽ
"തൃശ്ശിനാപ്പള്ളി"യിങ്കൽ സ്ഥാപിച്ച വിദ്യാലയം
പൂകുവാനായച്ചിട്ടുവെന്തുവെന്തന്തരംഗ-
മാകവേയുരുകിഞാൻ കാണാതെ വസിക്കുമ്പോൾ
കാലംവന്നവധ്യുമൊട്ടുനാൾ ലഭിച്ചിട്ടു
കാലേതിരിച്ചുവേഗമാഗമിച്ചെനിക്കു നൽ
സാന്ത്വനം ചൊല്ലിനന്നായുൾത്തടം കുളിപ്പിച്ചു
ക്ലാന്തതപോക്കിവേഗം സ്മേരവദനനായി
വേദപാരംഗതരാൽ ലഭ്യമായുള്ളിൽ തിങ്ങും
വേദാന്തസാരമെല്ലാം സാദരമോതിയെന്നിൽ
സത്യസ്വരൂപനാകുമീശൻ തൻചരിതത്തെ-
യത്യന്തമുറപ്പിച്ചു വിജ്ഞാനം വളർത്തിയ
വിജ്ഞന്മാർ മൗലികമാണേ! ആനന്ദസംദായകാ!
കഞ്ജബാണൻ തൻരൂപാ! ശോകവഹ്നിയിലെന്നെ
കീടംപോൽ പതിപ്പിച്ചങ്ങോടിനീ മറഞ്ഞതു
കേടകന്നപത്യത്തിൻ ധാടിയല്ലോക്ഷണം നീ
ഭീമം വിളങ്ങിക്കാണുമെൻ ഭൂവിൽപരിഷ്കാര
ഭൂരുഹമതെ സമൂലംകൊണ്ടുവന്നുടൻതന്നെ

നട്ടുപിടിപ്പിച്ചതിൽവാരിയും കോരിനന്നായ്
പെട്ടെന്നു വളൎത്തിയഹേതുവാൽ പൂത്തുമണ-
മെട്ടുദിക്കും പാരുന്ന ഗന്ധത്താലാകർഷിക്ക
പ്പെട്ടുവന്നിട്ടുമന്യദേശികരാം ഭൃംഗങ്ങൾ
മട്ടേലാത്തുള്ളമട്ടുമിഷ്ടംപോൽ പാനംചെയ്തു
പുഷ്ടാനന്ദമിന്നോളം പുഷ്ടമാവതുമോൎത്താൽ
പൊട്ടുന്നുമന്മാനസം മോഹവും സമീപിപ്പൂ
വിഷ്ടപം മുഴങ്ങുമാറുച്ചത്തിൽ കഷ്ടം! കഷ്ടം!!
എന്തിനു ഞാനിരിപ്പൂയെന്നങ്ങുരച്ചു ഹന്ത!
കുന്താം തറച്ചപോലെ മൂൎച്ഛിച്ചുശയിച്ചമ്മ.

ഇത്തരം ഭവിച്ചതുകണ്ടു ഞാനോടിച്ചെന്നു
ചിത്തം കലങ്ങിയെന്റെ മാതാവെ!യെഴിക്കെന്നു
ആൎത്തിയാൽ പലവിളി ഞാൻ വിളിച്ചാരറിവൂ
താൎത്തേൻമൊഴിയാമംബ പാൎത്തലവാസംവിട്ടോ?
തീൎത്തുപറവാനയ്യോ!യെന്നാൽ സുസ്സാദ്ധ്യമല്ലേ?
ആൎത്തിസംഹാരകനാം ദീനവത്സലാ! ദേവാ!
ആൎത്തിതീൎത്തെൻ ജനനിക്കീമോഹം തീൎത്തീടുക
ചീൎത്തമോഹേന ഞാനുമേവം മഹേശനോടായ്
വാൎത്തയാലപേക്ഷിച്ചു ഭക്തിയോടൊട്ടുനിന്നേൻ
നിൎത്തന്നൻമന്ദം വന്നു പശ്ചിമാബ്ധിയിൽനിന്നും
അന്നപ്പിടനടയാൾമെയ്യിൽ തലോടീടിനാൻ
ചിന്നുമളകമെല്ലാം താലവൃന്ദമായന്യേ
വീശിത്തുടങ്ങി, നല്ല പൂഞ്ചേലപങ്കയായും
വീജനംചെയ്തുമവൾ കോമളകളേബരേ
ഉന്നിദ്രാഭചിന്നിടും സ്വേദബിന്ദുക്കളാകും
ധന്യമുക്താവലികളംഭോജബന്ധുവിന്റെ
ആഗമനോദയത്തിലേറ്റ മുഡുക്കൾപോലെ
വേഗം മറഞ്ഞുപോയിയംഗം വിട്ടുടൻതന്നെ

ഏവം സമയേ ചേണിൽ വീജനം ചെയ്യതിനാൽ
കറെറാളിവേണിയാളും കാൽമരം ചലിപ്പിച്ചു
കണ്ണിണതുറിപ്പിച്ചുമേല്പോട്ടു വീക്ഷിച്ചതു
വണ്ണിപ്പാനാവതല്ല വാചസ്പതിക്കുപോലും.

ചെന്താമരസുമംപോലിന്ദുമുഖിനേത്രവും
ചന്തത്തിൽവളഞ്ഞുള്ള ചില്ലിക്കൊടിയുംകണ്ടാൽ
ധൂമംപൂണ്ടഗ്നിവേഗം മൽദേഹദാഹത്തിനായ്
സാമോപം വരുന്നെന്നു കമ്പം പൂണ്ടോട്ടുനിന്നേൻ
വീണ്ടുമങ്ങോരോന്നായി, വെമ്പലിന്നാധിക്യത്തെ-
യുണ്ടതുകൊണ്ടുവളമേറെയായ് പുലമ്പിനാൾ
സന്താപസിന്ധുവിങ്കൽ സന്തതം വലഞ്ഞിന്നു
താന്തയായിട്ടുമെന്നെ താങ്ങിക്കരകേററിടാൻ
പത്തുനൂറല്ല ലക്ഷമാണ്ടുകളാവർത്തിച്ചു
ഉത്തമമാകും ഘോരവൻതപസ്സനുഷ്ഠിച്ചു
ജീവിതംനയിച്ചാലുമുണ്ടാമോയേക സുത-
നീവിധമെത്രകാലംവാഴേണ്ടു തമ്പുരാനെ!
ഉള്ളം കരകൾ തിങ്ങിതള്ളിവരുന്നോരെൻെറ
പിള്ളതൻ ചരിതങ്ങളെള്ളോളം പോലുംതന്നെ
തള്ളാതെ പുറംതന്നിലാ ചമിച്ചിട്ടുപോലും
കൊള്ളാതെവരുന്നയ്യോ! ഈശ്വരാ! ജഗന്നാഥാ!
പഞ്ചാമൃതക്കുഴമ്പേ! പല്ലവമേനിയോനെ!
വാഞ്ഛമുഴുത്തുപൊങ്ങി വൈദ്യകലയിൽപോലും
വിദഗ്ദ്ധതം സമ്പാദിപ്പാനാജ്ഞ കേട്ടക്ഷണത്തിൽ
സാദരംപോകുവാനായ്ചൊന്നില്ലേ?പോയില്ലേനീ?
വൈദഗ്ദ്ധ്യസമ്പന്നനായ് വന്ന ദിനംമുതല്ക്കു
രോഗങ്ങൾ പലതരമാക്രമിക്കയാൽ നിൻെറ
സോദരരൊരാലംബഹീനരായ് വലവതു
സാദരം കണ്ടു ശോകം സംഹരിപ്പാൻരോഗത്തി-

ന്നാദിവേരരുഞ്ഞുനൽ ശുശ്രൂഷചെയ്യുതിന്നു
മോദമേകീടാഞ്ഞതല്ലുകാരണം പോയതാമോ ?
ഹേതുവിതാണെങ്കിലിച്ചെയ്യുതുദ്ഭംഗിയല്ല
പാതകിയാകമെന്നെമുന്നമേ നിഗ്രഹിച്ചു
പിന്നിൽ നീ ഗമിച്ചെങ്കിൽ ഭംഗിയായെന്നുതന്നെ
മന്നിലുള്ളോരെല്ലാരും ചൊല്ലുമേ മൽത്തനയാ!
ഇത്തരംചെയ്യുതു ഞാനോക്കുമ്പോൾപൊട്ടുന്നല്ലോ!
ചിത്തവുംപിരിയുന്നു, മാംസവും ഭിന്നമായി.
ചിത്രകലയതിലും വന്നിട്ടും വാസനയാൽ
ചിത്രമായ് പഠിച്ചിടാൻപോയൊരു ശ്രീയുതനേ!
വേഗം പഠിച്ചുവന്നു മോഹനചിത്രങ്ങളെ
വേഗത്തിലെത്രയെത്ര തീർത്തിതു ചിത്രം! ചിത്രം!!
കാണുന്നേനവയൊക്കെ ഭിത്തിയിലങ്ങങ്ങായും
വേണുംവിധമെത്രയും പാറുന്ന പതാകതൻ
മദ്ധ്യത്തിൽ പലവണ്ണംചേർത്തുമിവററയെല്ലാ-
മദ്ധ്യാത്മചിന്തയത്താനത്ഭുതമാക്കുന്നല്ലോ
ശോകകരുണാദിയാം ഭാവരസങ്ങൾതിങ്ങും
ലോകേശഗുരുവായ ശ്രീയേശുദേവൻെറയും
സൗന്ദര്യാതിരേകത്തിൻകാതലായ് കാരുണ്യത്തിൻ
വൃന്ദാവനമായ് ചാരുനാകത്തിൻകവാടമായ്
സവ്വം സഹവാസികൾക്കാനന്ദാലൃൾക്കമലം
നിവ്വിശങ്കംവിടുത്തും പ്രഭാതവനിത തൻ
നെററിത്തടത്തിൽമിന്നും താരകഗോപിയുമായ്
ഏററം പരിശോഭിക്കും ദിവ്യമാതാവിൻെറയും
ജീവഛായയായാണെന്നു സംശയിച്ചമ്പരന്നു-
ങ്ങേവനുമൊന്നുകൂടി സശ്രദ്ധം വീക്ഷിക്കുന്ന
മാനസോല്ലാസചിത്രം ചിത്രീകൃതമാക്കിടാൻ
നാനാവണ്ണങ്ങൾചേരും ഡപ്പിയുംപെൻസിൽ

ബ്രഷും

തുവെള്ളക്കടലാസുമാദിയാം സാധനങ്ങ-
ളാവേശം പിടിക്കുംനിൻമേശോപരിതലത്തിൽ
ചാരത്തതിനോട്ടടൻചേർത്തുനീ കസേരയിൽ
പാരാതങ്ങെഴുന്നെള്ളി പെൻസിലെടുത്തുകൈയിൽ
അവ്യക്തരേഖ താളിലുണ്ടാക്കിബ്രഷെടുത്തു
സുവ്യക്തമാക്കാൻ ചായംതൊട്ടങ്ങെഴുതുംകാഴ്ച
എന്മനോദർപ്പണത്തിൽ ദൃശ്യമായ് വരുന്നവ
വന്മഴവായ്തീർന്നെന്നെ ചിന്നഭിന്നമാക്കുന്നു.

ശില്പകലാഭ്യാസവും വേണമെന്നോർത്തുകയാ-
ലല്പവും കില്ലെന്നിയെ പാട്ടിലാക്കാനയച്ച
ഓമനെ! പ്രജ്ഞാധിക്യാലഭ്യാസം കഴിച്ചതി-
കേമനായ് വന്നെനിക്കു തന്നെല്ലാരാഭിജാത്യം.
നിന്നാൽ വിരചിതമായാനന്ദമേകിയ ന-
ല്ലുന്നതശില്പങ്ങൾ താനേകുന്നു ദുഃഖവഹ്നി
ആനന്ദബാഷ്പം ചേർക്കമേതൊരു വസ്തുതാനും
മാനസംതപിപ്പിച്ചു ദുഃഖാബ്ധു ചൊരിപ്പിക്കും.
എന്നവൻതതപമെന്നിൽ ചേർത്തിടാൻതീർത്തതാമോ
യിന്നിക്കാണുന്ന ചില്പവൈചിത്ര്യവേലയെല്ലാം.
അന്യദിക്കിൽ നിന്നിങ്ങുവന്നിട്ടും മാന്യജന-
മന്യൂനം ശോഭിക്കുന്ന ചിത്രശില്പാദികളെ
കണ്ടുകണ്ടുണ്ടായിട്ടുമാനന്ദപ്പുഴയതിൽ
മണ്ടിക്കളിച്ചുനീന്തി ഭാഗ്യംനിൻ ഭാഗ്യമഹോ!!
ഇത്തരം പലവട്ടമുൽഘോഷിച്ചവരുമാ-
ചിത്രത്തിൽ വരച്ചപോൽ നിന്നാരങ്ങതിനേരം
മന്ദിരം സംപ്രാപ്യമായെങ്കിലുമുൾത്തടങ്ങ-
ളൊന്നുമേകൊണ്ടുപാവാനാളായീലവരാരും
ചിത്തമിങ്ങിരിക്കയാലില്ലത്തിൽ ചെന്നാലുട-
നെത്തുമവരും യന്ത്രശക്തിയാലെന്നപോലെ

ആയതുസഹിയാഞ്ഞു ദുഷ്ടനാം വിധിയിപ്പോൾ
മായയാൽ നിന്നത്തന്നെയെന്നിൽനിന്നകററിയോ?
കഷ്ടമേ! കഷ്ടമയ്യോ!! സന്തോഷമേകിയാദ്യ-
മൊട്ടുമേശ്രമസലില്ലാതക്ഷണം ഗ്രദ്ധമായി.
സങ്കടക്കടൽക്കുള്ളിൽ താഴ്ത്തിട്ടും നിയതിനിൻ
വൻകള്ളമിപ്പോഴല്ലേ ഗ്രഹിച്ചു ഹന്ത! ഞാനും
നിൻകള്ളമറിഞ്ഞതല്ലേ? വാഴയാദിയാംസസ്യം
പൂങ്കുലവരുന്നേരം ശീർഷം കനിച്ചുടനെ
ഉൾച്ചൂടാൽ തപിച്ചേററം നേത്രാംബുമരന്ദമായ്
സച്ചേലിൽ വർഷിപ്പതുമായതും ഗ്രഹിച്ചേൻ ഞാൻ.
ആശവളത്താനിരവച്ചുമാതംഗങ്ങളെ
നിശീഥക്കണ്ടിൽ താഴ്ത്തുമച്ചതിയന്മാർ വേല
നീ തുടങ്ങുന്നതൊട്ടും നന്നല്ലെന്നോത്തിടണ-
മാതുരയാക്കാനെന്നെ താവകവൃത്തികഷ്ടം!!

അത്യാനന്ദം കലകളഭ്യസിച്ചിരിക്കുമ്പോൾ
"മർത്ത്യാ! നീ ലോകമെല്ലാം നിൻവശമാക്കിയാലു-
മത്യന്തം പ്രശോഭിച്ചങ്ങേറെയുൽകൃഷ്ടമായി
സത്യസ്വരൂപനീശനാത്മവൽസ്വരൂപമായ്
ദൃഷ്ടിക്കഗോചരമായാരോമൽഗാത്രേ ശ്രദ്ധം
സൃഷ്ടാവാൽതീർത്തദേഹി കേടേററാൽഫലമെന്തേ?"
ഇത്ഥമങ്ങഖിലേശനക്ഷയൻ ക്രിസ്തുദേവ-
നരുളിച്ചെയ്തതാം മഹാവാക്യമുൾത്തടത്തിങ്കൽ
ആഗമിച്ചനാരതമിക്കാണുന്നവനിയും
സാഗരംസാരംഗാദിമൃഗങ്ങൾ സസ്യാദിയും.
താരേശതാരങ്ങളാം രത്നങ്ങൾ പതിച്ചേററം
സാരള്യം വളർത്തുന്നോരംബരാതപത്രവും
ആതപശീതാദികളെന്നല്ലി പ്രപഞ്ചാണ്ഡ-
മേതുമിങ്ങിരിക്കാതെ ഭസ്മമായിടുംക്ഷണാൽ

ഓഗ്രരപ്രപഞ്ചാഭിമാനത്തിന്നൊരുങ്ങാതെ-
യംഗങ്ങൾകുഴഞ്ഞതി സാഹസം തുടാതെ
ശാശ്വതാന്തരാത്മാവെ സൂക്ഷിപ്പാനൊരുങ്ങുന്നീ
നിശ്വാസം കൂടാതങ്ങു ക്ലേശമനുഭവിച്ചും
രാപ്പകൽ പ്രതിഭയെയാത്മാവിന്നുഴഞ്ഞിട്ടു-
മപ്പരമാത്മാവേ നീ സൂക്ഷിക്ക നാൾക്കനാളിൽ
രക്ഷിക്കാനെളുപ്പത്തിലോതുവൻ സുമാർഗ്ഗത്തെ
സൂക്ഷിച്ചുയതികളാൽ സ്ഥാപിച്ചുനടത്തിടും
വൈദികാലയേപൂകി പ്രജ്ഞയാൽ പരിരക്ഷ
ദീർഘമായാത്മാവിന്നുചെയ്തുമതുവീടുമ്പോൾ
ഉത്ഭൂതമാകുംജ്ഞാനം നിൻ സമസ്യഷ്ടികൾക്ക-
മത്ഭുതമാകുംവണ്ണമാതിപ്പുലർത്തീടണം
ഇത്തരമെന്നും സദാ ആ മഹൽവാക്യംഹൃത്തി-
ലുത്തരോത്തരംമെല്ലെ സാദരമോതുകയാൽ
എന്നെ വിളിച്ചുനീയും ചൊന്നില്ലേ?യൊരു ദിന-
മുന്നതമാകും നല്ല ത്യാഗമനുഷ്ഠിപ്പാനായ്
പോകുന്നേനമ്മേ! ഞാനുമായതിനിപ്പോൾ തന്നെ
മാഴ്കാതെ തരിക നീ പോകുവാൻവിടയെന്നു
ചൊന്നമൊഴികേട്ടു ഞാൻ ഞെട്ടിനിലംപതിച്ചു
അന്നേരമോമനെ! നിൻ ശുശ്രൂഷഹേതുവാലെൻ
മോഹവുംതീർത്തു നന്നായ് നശ്വരലോകമീശൻ
മോഹിപ്പിക്കാൻ മർത്ത്യരെ തീർത്താണെന്നകഥ
ഏറെ ധരിപ്പിച്ചിട്ടും നിൻ പക്ഷംചേരാതെ ഞാൻ
മാറിനിന്നതുകണ്ടു ക്രൂരോട്ടുചൊല്ലിയപ്പോൾ
ഏതൊരുവാക്യംതന്നേ ലോകം ത്യജിച്ചുയോഗി
സത്തമനാകുവാനായ് പ്രേരണകഴിപ്പിച്ചോ?
ആയതുമതിന്നുടെ സാരവും പരലോക
ഭൂതിയും വർണ്ണിച്ചുതാനേററമായവിടത്തിൽ

വന്നിടുമത്യുന്നതസ്ഥാനവും ജഗദീശൻ
തന്നിടും കിരീടത്തിൻനിസ്സീമഭംഗിയേയും
കോരപ്പിച്ചുവിസ്തരിച്ചു ചേർന്നിട്ടും കീർത്തിയന്നു
മപ്പുരവാസിജനം നമ്മിലെന്നോതിയമ്മേ!
ഇത്തരമുള്ളൊരുക്തി കേട്ടു ഞാനുടൻതന്നെ
ചിത്തം തെളിഞ്ഞുപോകാൻ ചൊന്നതുകേട്ടു നീയും
ആനന്ദബാഷ്പം കരുംക്രുവളപ്പൂവിൽനിന്നും
ഇററിററുവീഴും നല്ല മട്ടുപോലതു തൂകിത്തൂകി
മണ്ടിത്തിരിച്ചുചെന്നു താപസശ്രേഷ്ഠന്മാരാൽ
സ്ഥാപിച്ചുനടത്തിടു "മാലപ്പുഴ"യതിങ്കൽ
മങ്ങാതെവിളങ്ങുന്നോരാശ്രമ പുരനന്നായ്
പുംഗവഗുരുക്കന്മാർ കല്പിക്കമോരോവൃത്തി
തിങ്ങിന മോദമൊടു ചെയ്തതിനാലവർക്കും
തുംഗമാം സ്നേഹംനിന്നിൽവന്നില്ലേ?സീമാതീതം.
കൈരളി, ഗീർവാണിയു,മാംഗ്ലേയ,തമിഴാദി
സാരമാം ഭാഷകളെയാദരാൽ പഠിച്ചതും
പോരെന്നുവന്നതിനാൽ ലാററിനും പോർട്ടുഗീസ്സും
ധാരാളമഭ്യസിച്ചു തൃപ്തിവരുത്തില്ലേ?
അഭ്യാസകാലത്തുനിന്നുത്സാഹം, സ്നേഹം, ഭക്തി
ഇത്യാദിഗുണഗണമേററമുയന്നതിനെ
വീക്ഷിച്ചു ഗുരുശ്രേഷ്ഠൻ "ശ്രദ്ധിച്ചുപഠിക്ക നീ"-
യക്ഷീണം യത്നംചെയ്തു വൈജയം സിദ്ധമുടൻ
ഉത്തമഗുണം തിങ്ങുമിത്തരമുള്ള ശിഷ്യൻ
ഇത്രനാൾ കഴിച്ചിട്ടും കണ്ടില്ലെന്നോതിയതും
സതീർത്ഥ്യർക്കനന്തമായാനന്ദമേകും നിന്നെ
പാതിക്ഷണമാകിലും കാണാതെ വരുന്നേരം
താരേശനില്ലാതൊരു താരകളെന്നപോലെ
അർത്ഥം കളഞ്ഞുള്ളൊരു വാക്കുകളെന്നപോലെ

ഗന്ധം കളഞ്ഞുള്ളതാം പുഷ്പങ്ങളെന്നപോലെ
ബന്ധുരത്വമററുള്ള രത്നങ്ങളെന്നപോലെ
വാഴ്കയാണു ഞങ്ങളെന്നവർ വചിച്ചതും
താഴ്ന്നു ഹൃദയത്തിൽ നാരാചമെന്നപോലെ.

അല്പനാളംകൊണ്ടങ്ങുള്ള താപസ്സരുടെയെല്ലാം
കെല്പെഴും ചിന്താംബുജാപഹന്താവായി ജവാൽ
കീത്തി പരന്നുപണ്ടേ പാത്തലമെങ്ങും തിങ്ങും
പാത്തട്ടിൻ തിലകമാം ''ഗോവാ''പുരമതിങ്കൽ
മിന്നുന്നയതീശാല തന്നിലങ്ങകം പൂക്ക
സന്ന്യാസിവര്യന്മാർ തൻ മൌലിഭൂഷണമായി
ഏറെനാളം കഴിച്ചതുമാനന്ദമേകുമോരോ
കൂറെഴും വൃത്തിയാലങ്ങായവർ കണ്ണിലുണ്ണി
യെന്നപോൽ വത്തിച്ചതുമിന്നുമെൻ മനക്കാമ്പിൽ
വന്നിടുന്നതുമെന്നിൽ നിന്നങ്ങുമറയുമോ?
വിശ്വനായകനാകുമേശുമഹേശൻ നിൻെറ
പേശലമായ് വരുന്ന സൽഗുണഗണൗഘത്തെ
വീക്ഷിച്ചുഭാരമേറും ക്രൂശിനെ ചുമന്നിടാ-
നക്ഷമനാകാതുള്ള ശേഷിമാനിവനെന്നു
അന്തരംഗത്തിലോത്തു ഔന്നത്യമേറും തൻെറ
അന്തംവന്നിടാതുള്ള സ്ഥാനത്തിൽ പട്ടംകെട്ടി
ലോകജനകനെന്ന നാമവും ചേത്തുഭംഗ്യാ
എന്നിൽ വിളങ്ങും സവ്വശക്തിയും തരുന്നു ഞാ-
നെന്ന കല്പനകേട്ടു പോന്നിങ്ങുവന്ന ദിനം
അപ്പിച്ച നവപൂജ തീന്നതുമതലെൻെറ
അല്പേതരമായ്പൊങ്ങും കീത്തിപരന്നു ലോകം
തിങ്ങിക്കവിഞ്ഞുചെന്നു സീമയായ് വിളങ്ങുന്ന
തുംഗമഹാംബുധിയെ ലംഘിച്ചുപോയതിനാൽ
സപ്തസമുദ്രമെല്ലാം ശുഭ്രമായ് ചമഞ്ഞതു

ക്ഷീരാബ്ധിയോരാതെതൻ വേലം തിരിയുവാനായ്
വാരിധിയോരോന്നിലും പോയതിൻ ലക്ഷ്യമിന്നും
പാരം തെളിഞ്ഞുനന്നായ് കാണുന്ന ഭേദങ്ങളായ്
അസ്ഥിതിയോക്കുമ്പോൾ ഞാൻ പാവകകുണ്ഡ
മദ്ധ്യേ
ദ്രുസ്ഥിതശലഭംപോൽ വെന്തുപിടയുന്നയ്യോ!
നവ്യപൂജാപ്പണത്തിൻശേഷം തൽക്ഷണം തന്നെ
ദുർവ്യയംചെയ്തു നഖദംഷ്ട്രകൾക്കിരയാക്കി
എൻ കായംകീറിമാന്തി ഖണ്ഡിച്ചുഭിന്നമാക്കി
പാകത്തിൽ മർദ്ദിക്കുന്ന ഭ്രുതങ്ങളൊട്ടനേകം
പെട്ടെന്നുകണ്ടു ഞെട്ടിശ്രീയേശുഭഗവാൻെറ
മട്ടോലുമുകതികളങ്ങോരന്നോയ് കണ്ണും തന്നിൽ
കുത്തിത്തുളച്ചുകേററിവച്ചതു സഹിയാഞ്ഞു
അത്തൽമുഴുത്തു പാരമോടിയൊളിച്ചുപേകൾ
അപ്പോളുണ്ടായമൃദം പാരിൽ ജനിച്ചയെന്നാൽ
കേൾപ്പിപ്പാനെളുതാമോ? ചൊന്നാലിന്നൊടു-
ങ്ങുമോ?

ദിവ്യബലിനേരം നിൻ സോദരർ തിങ്ങിഞെക്കി
കൈകാലനക്കാൻമേലായ് സ്വേദജലത്തിൽമുങ്ങി
ശ്വാസവുംമുട്ടി നന്നായ് പാരംവലഞ്ഞുനീണാ-
ളസ്വാസ്ഥചിത്തരായിവാഴ്‌വതു കണ്ടുവേഗം
മാറാതടസ്സമേറെ വന്നിട്ടും ധീരനായി
മാറാതെനിന്നുതന്നെ ദേവസദനം പുത്തൻ
രംഗിയിൽ പണിയിച്ചു സ്വസ്ഥിവരുത്തിയതു-
മംഗംകുഴയുന്നയ്യോ! ഓക്കുമ്പോൾ ഞെട്ടുങ്ങുന്നു!
പള്ളിതൻ കത്താവിനെക്കാണാഞ്ഞങ്ങുള്ളംകൊഞ്ഞു
കള്ളമല്ലാതെ കേണു ദുഃഖത്തിന്നാധിക്യത്താൽ

മോഹിച്ചുകിടക്കയും വീണ്ടുമാമോഹാലസ്യ-
മാഹന്ത! തീന്നീററു കേഴകയുംചെയ്യുന്ന
ശബ്ദത്തിൻമുഴക്കം താനപ്പോളേപ്പോഠംകേഠക്കാംമണി-
ശബ്ദമായറിയുന്നുകില്ലേതുമില്ലായിതിൽ.

നിൻസഗർഭ്യക്കെല്ലാക്കും മാഗ്ഗനിരോധനമായ്
വൻസാഗരേ പോകുമ്പോഠം നിന്നവൻപാറകളെ
വെട്ടിത്തെളിച്ചു പലവാസരംകൊണ്ടുമാഗ്ഗം
വട്ടംചുററാതെപോകാൻ തീത്തതാം നൽപന്ഥാവു
അന്നുമുതലിന്നോളമെന്നല്ലെന്നന്തംവരെ
എന്നും രാജിക്കുമതിനില്ല സംശയമേതും
ഇത്തരമൊരു മാഗ്ഗം വന്നതുമുതലഹോ!
വിത്തംവരുത്തും വൈദ്യഗ്രന്ഥമടച്ചുപോയ
വൈദ്യനെ കണ്ടിട്ടില്ല മേലിനി കാണുകില്ലെ-
ന്നദ്ധ്യാപിതീത്തുഞാനും ചൊല്ലുന്നനിപ്പോഠംതന്നെ.

സദ്യസ്സുംസദിരിന്നുമെന്നല്ലനുനിമേഷം
മദ്യപാനാലങ്ങങ്ങായ്യെൻ തനയന്മാർ ചിലർ
ആസുരശില്പിവര്യൻ തീത്തൊരു സഭാഗൃഹം
സസ്സോദരമീക്ഷിച്ച കൗരവജ്യേഷ്ഠൻപോലെ
ഇൗടററു മാനംപോയി കേട്ട പലതുമേററു
വാടിവലഞ്ഞു നന്നായ് വിഭ്രമാൽ പതിച്ചിട്ടു
ശാസ്ത്രപരിജ്ഞാനവും തത്വപരീക്ഷണവും
സ്ഥൈരെത്ര്യജിച്ചുള്ളപ്പം ഭൂചലനം ഗ്രഹിപ്പാൻ
ആചരിച്ചതാംമാഗ്ഗം കണ്ടഹോ! സലജ്ജനായ്
വേപഥുഗാത്രനായങ്ങിണ്ടൽ മുഴുത്തു ധൈര്യം
കൈവെടിഞ്ഞതരക്ഷണം താമസ്സമെന്യേ ഭവാ-
നാവോളം സദുക്തികളോതിയും ദോഷഫലം
സുവ്യക്തം തെളിയിച്ചും യോഗ്യരാം മഹാന്മാരെ
ദ്രവ്യവ്യയത്തിനാലിങ്ങാഗമിപ്പിച്ചും പല

നല്ലതാം പ്രസംഗങ്ങൾ ചെയ്യിച്ചും പലദിന-
മല്ലലകററിടാനായ് ചെയ്തനിൻ പ്രയത്നങ്ങൾ
പോരെന്നുവന്നതിനാൽ സംഘമൊന്നതിലേയ്ക്കു
രൂപവല്ക്കരിച്ചുനീയേററം സദ്ഭക്തികളെ
പാരമായവരെക്കൊണ്ടോതിച്ചുമനോരതം
നേരായമാർഗ്ഗത്തിങ്കൽ വന്നിടാൻ പിക്കററിംഗും
കൂട്ടാക്കിടാതെ ചെയ്യിച്ചേററമായ് ഭാവുകമെൻ
പുത്രരിലുളവാക്കിയന്യരാം നാട്ടുകാർക്ക്
മാതൃകകാട്ടിയേറെയാനന്ദമുളവാക്കി
ചിത്രമായെന്നെനീയുമേററമുയർത്തിയില്ലേ?

അജ്ഞാന്മാരാക്കിജന്മം പാഴാക്കിക്കളയാതെ
വിജ്ഞന്മാരാക്കിവാഴാനെത്രയും ത്വരിതത്തിൽ
വിദ്യഗേഹം പൂകിക്കാൻ ചൊന്നനിന്നുപദേശം
സാദരംകേട്ടക്ഷണമെൻ ശിശുക്കളെയെല്ലാം
ചൊന്നപോൽ ചെയ്തുഞാനും ചെന്നുനീപാഠശാല
തന്നിൽപലദിനങ്ങളെന്നല്ല പലവട്ടം
താവകസന്നിധിയിലാഗമിപ്പിച്ചവർക്-
ക്കാവേഗംവരുത്തുവാൻ നൽകിയ സാമ്മാനം
ഉണ്ടാക്കിവച്ചഫലം വിദ്യാവിഹീനരായി
കണ്ടില്ല മൽസുതരിലാരെയുമിന്നോളം ഞാൻ

ഔന്നത്യാകലരാതെ ദീനയായയധികം നാൾ
മുന്നംഞാൻ കിടന്നതുകണ്ടുനീയാർദ്രനായി
ശോചനീയസ്ഥിതിയിലെത്രനാൾ വലഞ്ഞമ്മേ!
മോചനം ലഭിച്ചിടാനിന്നു നിനക്കുഞാനും
ചൊല്ലുവനത്യുത്തമമേകമാർഗ്ഗമായതു
മല്ലാക്ഷീമണിയാളെ സംഘങ്ങൾ സ്ഥാപിക്കണം
ഏവം കഥിച്ചുനിൻെറ സോദരിസോദരന്മാ-
ർക്കാവോളം യത്നംചെയ്തു വേണ്ടേറെയോഗദായം

സമാപിച്ചങ്ങദ്ധ്യക്ഷനായ് മേവിനടത്തിയതും
പാപിഞാൻ "യോഗഹീന"യോക്കുമ്പോൾ
വധ്യതന്നെ
വഞ്ചകവിധിയേലോരനിത്തരം ചെയ്യുന്നെങ്ങനെ
പഞ്ചതഭവിപ്പിക്കാതിട്ടതു കഷ്ടം! കഷ്ടം!!
ഏഴരണ്ടുലകത്തിൻ നാഥനാം ശ്രീയേശുവിൻ
പാഴറേറാരുപദേശക്ഷീരാബ്ധിമഥിച്ചിട്ടു
കിട്ടിയോരമൃതുട്ടിനിൻകാലം പോററിയപ്പോ-
ളൊട്ടല്ലമദിച്ചുഞാൻ വിഷ്ടപംമുഴക്കിച്ചു
ആരെഞാൻ ശരണമായ് കൈക്കൊള്ളുമാരാണെന്നെ
തീരാതമൃതം തന്നിന്നെപ്പാൽ രക്ഷിപ്പതും
ദൈവമെ! നിൻബലമിസ്സാധുവാമബലയി-
ലാവോളം കാണിച്ചെന്നെ ചുററിക്കാൻ ശ്രമിച്ചതും
ഒട്ടുമേ ഭംഗിയല്ല, മക്ഷികത്തോടെതൃക്കാൻ
വിഷ്ടപസൃഷ്ടാവിന്നു വേണോമുസലായുധം?
മൽസുതന്മാർക്കു തൊഴിലഭ്യാസമേകിയും നൽ
പഞ്ഞികൾ ശേഖരിച്ചും ചക്കകൾ പലതരം
തീർപ്പിച്ചും ബിസതന്തുപോലവെ വിളങ്ങുന്ന
നൂലുകൾ റാട്ടിനൊച്ചക്കൂട്ടിയങ്ങുണ്ടാക്കിച്ചും
നല്ലതാംകളിമണ്ണുകൊണ്ടുവന്നുടൻ പല
നല്ലരൂപങ്ങളേററം തീർപ്പിച്ചുമേകിമോദം
മുമ്പുതാനാട്ടിവിട്ട ദുഷ്ടതയേറും പോക-
ളുമ്പിളിക്കലെപോലങ്ങേററവും വളഞ്ഞുള്ള
ദംഷ്ട്രകൾ കാട്ടിനന്നായ് വന്നതുകണ്ടുനീയും
കഷ്ടതവരുത്തിടുമെന്നിലെന്നേറെയോർത്തു
ചൊന്നിതു അമ്മേ! മണിരാത്രിയിലെട്ടടിച്ചാൽ
സന്നതഗാത്രികളാം കൊച്ചുകുമാരികളെ
പത്തനംതന്നിൽനിന്നുമൊട്ടുമേ പുറത്താക്കാ-
നത്തമഗുണനിധേ! പാടില്ലെന്നാജ്ഞകേട്ടു

സുഗ്രീവാജ്ഞപോലെ ഞാൻ കൈക്കൊണ്ട
ഫലമായി-
ട്ടുഗ്രഭൃത്യങ്ങളെല്ലാം നാണംപൂണ്ടോടിയില്ലേ?
കൊല്ലമങ്ങേറെയായി കാണാതങ്ങനന്തമാ-
യല്ലലിലുഴന്നതുകണ്ട യോഗീശ്വരാ! നീ
വന്നിട്ടും ദുഃഖവെള്ളിയാഴ്ചയിൽ കൊല്ലംതോറും
നന്ദിഹീനരാം ജൂതർ രക്ഷകനേശുവിനെ
കൊല്ലിച്ചവിധമെല്ലാം നല്ലപോൽ കാണിച്ചെന്നി-
ലുല്ലസൽ ഭക്തിയേറെ വർദ്ധിതമാക്കിയില്ലേ?
ആതുരർ ഗതിയററുള്ളകം പലതിലും
യാതൊരവലംബവുമില്ലാതെ കേഴുന്നേരം
ധന്യാത്മാ! തവകീർത്തിചെന്നു താനവരോടു
മാന്യതഭവിച്ചാശുകണ്ണുത്തിലേശാ മന്ത്രം
ഓതിയകാരണത്താലെന്നെ നിറഞ്ഞു ചൂഴ്ന്നു
ഭീതിവരുത്തിയവർ വല്ലാതെ വലപ്പിച്ചു
എൻനില കണ്ടുളവാൻ തെല്ലുമിളകാതവ-
ർക്കാനന്ദം കിട്ടുമേറെയെന്നിലെന്നോർത്തുവന്ന
ആതുരർക്കാലയമായ് നിൽക്കണമംബേ! നീയും
ഭീതിയശേഷംവേണ്ട ശുശ്രൂഷ, വിത്തം, മൂലി
ത്രിവർഗ്ഗംകൊണ്ടുഞാനും രക്ഷിച്ചുപുലർത്തുവ-
നേവം പറഞ്ഞവർ തന്നാത്തികവന്നേട്ടത്തു
ആമോദംനൽകിയ നീയിന്നിവർക്കുകിടാനാ-
യാമയമെവിടയാം ഗ്രന്ഥമായ് വച്ചിരുന്നു?
ശോകസംഹാരകത്വം പോയിട്ടുമെന്നപേടി
ശോകസംഹാരകൻ പൂണ്ടിച്ചുതിചെയ്തതല്ലേ?
സ്നേഹസ്വരൂപനേശു കല്പിച്ച സ്നേഹദായ
മാഹാത്മ്യസാരംവിഭോ! മഹാത്മൻ! ഗ്രഹിച്ചുനീ
ദുർബ്ബുധനരാധമരുണ്ടാക്കിവച്ച തീണ്ട-
ലേററമബദ്ധമെന്നു പൂഴ്ത്തിച്ചു സർവ്വശക്തൻ

മർത്ത്യരെപരമാണു ഭേദവുമെന്യേ തന്നെ
അത്യന്തമുന്നതമാം മോഹനസൃഷ്ടിയായി
മേദിനീതലം തന്നിലുത്ഭുതമാക്കിയെന്നും
ഖേദമിയററാതാക്കിമാരുമേ! യൊന്നുപോലെ
ജീവിതം നയിച്ചിട്ടു സ്നേഹത്തെ പുലർത്തുവി-
നേവമുപദേശിച്ചു വൃത്തിയിൽ ഫലിപ്പിച്ചു
നിൻ ശ്രമഫലമിതാ! മിന്നിത്തിളങ്ങുന്നില്ലേ?
അശ്രാന്തപരിശ്രമിന്നിന്നാലെനിക്കു ചേരും
ഔന്നത്യം കണ്ടസൂയതിങ്ങിമുഴുത്തുദേവൻ
ഖിന്നതവളർത്തിടാനിച്ചതിചെയ്തതല്ലേ?

ഇന്ദ്രിയനിഗ്രഹം ചെയ്താത്മാവിന്നൊളിയേററി-
യാററാമതായ് വിളങ്ങും ക്രൂരാശയേററ ടുന്ന
താപസ്സർ കഴിച്ചിടും ലോകരക്ഷകനേശു-
താപസ്സശ്രേഷ്ഠൻ തൻെറ പാവനബലിയെന്യേ
മൽസൂനുക്കളിലാരും വൈഭവമേറും നിൻെറ
ഭാസുരതപമിയലും പ്രജ്ഞയാലിന്നോളവും
സപ്തമക്രൂരാശയെ കൈക്കൊള്ളാനൊരുങ്ങാത്ത
ദീപ്തഫലമിന്നുഞാൻ കാണുന്നു! മറക്കമോ?

എൻ ശിശുക്കളിൽ കൊച്ചുസോദരികളെ ഭവാൻ
മോശമാക്കാതെ വേദസാരത്തെയംശമായി
പാട്ടിലാക്കാനയച്ചു താപസ്സസ്ത്രീകളോടും
കുട്ടിസോദരന്മാരെ നീയുമഭ്യസിപ്പിച്ചു
ചിത്താംബുജകുഡ്മളങ്ങളുൽഫുല്ലമാക്കിവീശു-
മുത്തുംഗമണമേറെ വിണ്ണോളമുയർന്നില്ലേ?

നാകത്തിൻ കവാടമായ് ക്കാരുണ്യക്കാതലായി
ലോകമീരേഴതിന്നും രാജ്ഞിയുമായിടുന്ന
ശ്രീയേശുദേവൻ തൻെറ മാതാവിന്നഭിധാനം
കൈക്കൊണ്ടുകൊല്ലമേറെ നേരെ വിലസീടിന

യോഗങ്ങൾ പലതരമിടററു കിടന്നതും
യോഗിനീയുദ്ധാരണംചെയ്യ പുലത്തിയിപ്പോൾ
കേടററയന്നു പാരമുല്ലസിച്ചുവററകം
ധാടികലന്നന്യക്കുമേകുന്നസൂയയേററം.
ആത്തികളയുമീശനവ്യയനനാമയൻ
പാത്തലവാസികൾ തൻ കന്മഷമകററിയോൻ
മൃത്യുവിൻ പീഡയേററമർത്ത്യക്കസുഖം ചേത്തു-
മത്യന്തം പുലത്തിയോൻ ശ്രീയേശുമഹാദേവൻ
ഏററതാം പീഡകൾക്കാശ്വാസം പ്രാത്ഥനയാ-
ലേററമുള്ളവാക്കാൻ നീ സ്ഥാപിച്ചസഭയിന്നു
ഭംഗിയിൽ "തിരുമണിയാരാധനായോഗ"മാ-
യിങ്ങുയന്നിടുന്നതുമെന്നുഞാൻ മറന്നിടും?
'ചാരുവെണ്മേഘങ്ങളാംനൽഞൊറി നിരയോടും
താരങ്ങളായിടുന്ന രത്നങ്ങൾ പതിച്ചിട്ടും
ചക്രവാളരേഖയാം കാഞ്ചനകസവു ചേ-
ത്തക്കര തെളിഞ്ഞുള്ള പൂഞ്ചേലധരിച്ചിട്ടു
ഇന്ദുമുഖത്തിൽനിന്നു ചന്ദ്രികയാം പുഞ്ചിരി
മന്ദമായ്തൂകിയേററം പൂഞ്ചോലമുകുരത്തിൽ
തൻ ഭംഗിനോക്കനന്നായ് പാരം രസിച്ചുനിന്ന
അംബരാംബികയിപ്പോളമ്മേ! നിൻ ദുഃഖം കണ്ടു
അംബരതാമേററകം വെന്തുവെന്തെരിഞ്ഞിതാ!
ബന്ധം കൈക്കൊണ്ടിരുന്നകാളാംബുവാഹാളിയാം
കുന്തളമഴിച്ചുലച്ചാനിറമതുമാററി
ഉമ്പക്കാനന്ദസംദായകമായിടും തൻ
ആനനം പരിവേഷമായിടമേററം നല്ല
മാനസോല്ലാസമേകും കൈലേസുമറച്ചിപ്പോൾ
കേണുപെരുമഴയായ് കണ്ണീർചൊരിഞ്ഞു തന്റെ
ചേണുററ സഹോദരബാന്ധവം തെളിയിച്ചു.

അംബരാംബികയെ തന്നുള്ളിൽവഹിച്ചുമെല്ലെ
ഇമ്പമായ് നമ്മാലാപം സാമ്പ്രദമനുഷ്ഠിച്ചും
പിച്ചകപ്പൂക്കൾതോൽക്കും പുഞ്ചിരി ചൊരിഞ്ഞിട്ടും
സച്ചേലികയൊഴുകിയ വാഹിനിയംബരാംബ
തന്മുഖം കറുപ്പിച്ചു കേഴുന്നഹേതുവോർത്തു
തൻനിറം കലുഷിതമാക്കിച്ചുമച്ചിടുന്നു.
ഭൂരുഹപത്രങ്ങൾ തൻ താളത്തിനൊത്തുപാടി-
യാരോമൽഗാനാലാപാലാനന്ദ നിർവൃതയിൽ
ഓമനപ്രകൃതിയാം ദേവിയെ നിത്യവുമാ-
റാടിക്കും പികശുകമാദിയാം ഖേചരങ്ങൾ
അമ്മേ! നിൻ ദുഃഖത്തിങ്കൽ സന്താപംകൈക്കൊ
ണ്ടിപ്പോൾ
മൗനാചാരവ്രതത്തിലാണ്ടിതാ! വാണീടുന്നു.
വെൺനുരകളാം ചാരുപുള്ളികൾ വിളങ്ങുന്ന
സാഗരനീലാംബരപട്ടു തന്നരയതിൽ
ഭംഗിയിൽ തിരുകിയും വൻതിരനിരകളാൽ
രാഗഗാനാലാപവും പാലഞ്ചും പുഞ്ചിരിയും
ആദരാൽ നടത്തിയാമോദേനവാണീടുന്ന
മേദിനിതരുക്കളാം പാണികളുയർത്തിയും
ഘോരാനിലനാൽ രവംക്രൂട്ടിക്കരഞ്ഞും തൻെറ
തീരാതുള്ളൊരാതാപം പ്രത്യക്ഷമാക്കീടുന്നു.

ശോകാകുലമായുള്ള രംഗം കണ്ടിടാൻ മടി-
ച്ചാകുലയായനേരം മെല്ലെപൊയ്യൊണ്ടിരുന്നു.
ഓമനാംബതൻ ശോകഹേതുവിന്നനുക്രല-
മാമോദേന ചെയ്യോരാന ഘോരഭയങ്കര
ശ്യാമയാം നിശാചരിമാർത്താണ്ഡദേവൻതൻെറ
ചാരനാമരുണൻെറയാഗമവേളയിങ്കൽ
ധീരതകൈവെടിഞ്ഞു സംഭ്രമംപൂണ്ടിങ്ങിതാ!

ദൂരവെദ്യയാടിവേഗം മണ്ടിമറഞ്ഞീടുന്നു
അക്കന്നെമാനകൃല്യക്കാരിയെ കിട്ടാസ്സയാ-
ലാക്കം സന്താപംവരും ശോകമുഖത്തോടിന്നു
ദിക്കിലെതിരശ്ശീലയായിട്ടും മഞ്ഞുനീക്കി
ചിക്കെന്നുദിച്ചുയൎന്നു മെല്ലവെ പൊങ്ങീടുന്നു.
മാരുതൻ ചെന്നുശോകവാൎത്തയറിയിക്കയാൽ
നീരുമൂലംത്തടമൊട്ടും ധമ്മില്ലമഴിഞ്ഞിട്ടു
പാറുന്നചികുരവും ധാരയായ് വർഷിച്ചേററ-
മാറുപോലൊഴുകിട്ടും നേത്രാംബുചേൎത്തുകൊണ്ടും
പൂവാറും, കരുംകുളമാദിയാം സോദരികൾ
പുത്രരോടൊത്തുവേഗം വന്നിതാ! ചേൎന്നീടുന്നു.
അത്യന്തമാൎത്തിപൂൎണ്ണമായുള്ളൊരുത്തരംഗ-
മോതുവാനനന്തനും പാരംപണിതന്നഹോ!
കൂട്ടംഗാഢാൎത്തരായി യോഗിസത്തമന്മാരും
കൂട്ടുന്നു നിരവധി വന്നിഹചേൎന്നിടുന്നു
പല്യങ്കേശയിക്കുന്ന മൃതദേഹത്തെയിതാ!
കല്യരാം യോഗീശ്വരർ കാഞ്ചനനിറം ചേരും
പെട്ടിയിലാക്കുന്നഹോ! ദിക്കുകൾ മുഴങ്ങിട്ടും
ചട്ടററവിലാപങ്ങൾ പൊങ്ങുന്നുപലവിധം
ഏണാങ്കബിംബം കണ്ടതാമരപോൽവിളങ്ങും
പാണിയിലിരിക്കുന്ന കാഞ്ചനപൂജാപാത്രം
അല്പേതരം കൗതുകമുൾപ്പൂവിലുളവാക്കി
മുപ്പുരവാസികൾ കണ്ണഞ്ചിക്കും കസവുകൾ
ചേൎത്തുള്ള കരകളും ചിത്രവും വിളങ്ങുന്ന
പുത്തനുടുപ്പുദേഹേ പാരംപരിലസിപ്പൂ.
പത്മത്തിൽ വരിവണ്ടിൻക്കൂട്ടം നിരന്നപോലെ
പാദങ്ങൾ രണ്ടുമേററം പ്രശോഭിച്ചുയരുന്നു
പാറുന്നപതാകകളൊട്ടല്ല നെടുനീളെ-
യേറെയുയൎന്നിട്ടതിവിസ്മയം വളൎത്തുന്നു

കണ്ണിന്നുകൗതുകമുണ്ടാക്കും വെൺചാമരവും
വിണ്ണോരധീശൻ തൊഴുമാലവട്ടവുമിപ്പോൾ
പൊങ്ങുന്നു പലതരം, മഞ്ചവും പുരോഹിതർ
പൊക്കിവഹിച്ചു യാത്ര മന്ദമായാരംഭിച്ചു
യാത്രയിൽ ശോകഗാനമന്ത്രോച്ചാരണങ്ങളു-
മെത്രതരത്തിൽപൊങ്ങി കേൾക്കുന്നുവിചിത്രമായ്
ദീർഘമാംപ്രദിക്ഷണം പള്ളിതന്നുപാന്തത്തിൽ
പുത്തനായ്തീർത്ത ചാരുകല്ലറയ്ക്കടുത്തെത്തി
ദേഹസംസ്കാരം ബഹുഭംഗിയായ്നിർവ്വഹിച്ചു
ശേഷത്തിൽ മടങ്ങുന്നു ശോകസംകുലരായി
ഗേഹത്തിലെത്തിച്ചേർന്നു രോദനം മുഴക്കുന്നോ-
ന്നംബികയ്ക്കാശ്വാസമൊന്നോതി ഞാൻ
നോക്കിടട്ടെ.

അംബികേ! ഭവതീ!യീ സങ്കടക്കടൽക്കുള്ളി-
ലംബമ്പോ! വലഞ്ഞുനാൾ എത്രനീ കഴിച്ചിട്ടും
ദൈവത്തിൻമതമാർക്കുമൊട്ടുമേ തടുക്കുവാ-
നാവതല്ലെന്നു നല്ലപോലവെ ധരിക്കേണം
വന്നതുവന്നുനിന്നെ വേണ്ടപോലുയർത്തുവാൻ
മന്ദന്മാരല്ലാതുള്ള നിൻസുതപുരോഹിതർ
ഇന്നും നിന്നരികിലായുണ്ടെന്നു ഗ്രഹിച്ചു നീ
വന്നതാം സന്താപത്തെ മെല്ലവേയടക്കുക
ഇന്നും ശുശ്രൂഷചെയ്തുനിന്നെയുയർത്തീടുന്ന
വന്ദ്യനാം പുരോഹിതൻ ജേക്കബ്ബ്. ലോപ്പസ്സില്ലേ?
ഉൽക്കർഷം വരുത്തിടാനശ്രാന്തപരിശ്രമ-
മുൾക്കൊണ്ടുഫലത്തോടുമദ്ദേഹം ചെയ്യുന്നില്ലേ?
മാഴ്കാതെ കുഴയാതെ വാഴുകമാതാവെ! നീ
ആഴമാം അഴലാഴിവിട്ടൊഴിഞ്ഞെഴുന്നേല്ക്കൂ
ദൂരവെയാണെങ്കിലും ശ്രദ്ധപതിച്ചുനിന്നി-
ലാരംഭംമുതൽക്കിന്നും വാഴുന്ന ഫാദറമ്പ്രോസ്സ്

ഉത്തമസുതനല്ലേ? നിൻസമുൽക്കർഷത്തിന്നായ്
ചിത്തമുറപ്പിച്ചേററം വൻശ്രമം ചെയ്യുന്നില്ലേ?
വന്ദ്യനാം പുരോഹിതൻ വീക്ഷണം ചെയ്യു കാലം
മാന്ദ്യതഭവിച്ചിടാൻ ന്യായമില്ലറിഞ്ഞാലും
മാഴ്കാതെ കുഴയാതെ വാഴ്ക മാതാവെ! നീ
ആഴമാമഴലാഴി വിട്ടൊഴിഞ്ഞെഴുന്നേല്ക്ക
വന്ദ്യനാം പുരോഹിതപ്രവരനതിദ്ദൂരെ
സുന്ദരീമണിയംബേ! നിൻ സുതനേകനില്ലേ?
ശ്രീയേശുദേവൻ തന്റെ ശിഷ്യപ്രധാനൻ നാമം
കൈക്കൊണ്ടുമരുവീടുമുന്നതൻ മഹായോഗി
ഔന്നത്യംവരുത്തിപ്പുലർത്തിടാനെന്നരവു-
മുന്നതയത്നം ചെയ്യുമോമനസുതനില്ലേ?
മാഴ്കാതെ കുഴയാതെ വാഴ്ക മാതാവെ! നീ
ആഴമാമഴലാഴിവിട്ടൊഴിഞ്ഞെഴുന്നേല്ക്ക

മദ്വാക്യം ശ്രവിച്ചേററം വാടിവിവർണ്ണമാകും
മദ്രാക്ഷിതൻ ചെന്തളിരാനനമെൻനേർക്കഹാ!
മെല്ലവേ തിരിച്ചുനല്ലീക്ഷണം ചെയ്തു ദേവം
ചൊല്ലിയുഴം മധുരോക്തികൾ സാദരമോതിടനാൾ
ഓമനെ! നിൻവചസ്സെൻ മാനസം കുളിർപ്പിച്ചി-
ങ്ങാമയമകററുവാനെത്രയും മതിയാമോ?
നന്ദനന്മാരായിട്ടുമെൻ പുരോഹിതരവർ
നന്ദിയോടെന്നെ പരിപാലനം ചെയ്യുംകാലം
സന്ദേഹം വേണ്ടതൽക്കൃഷ്ട്യമുണ്ടാമെന്നിരിക്കിലും
വന്ദ്യനാം പുരോഹിതനേകനല്ലേ?ൻ സമീപം
ഓമൽശുശ്രൂഷണം ചെയ്തീടുവാനിരിപ്പൂ! ഹാ!
മററിരുവരുമെന്നെ വിട്ടകന്നല്ലേ വാഴ്വൂ?
ദൂരവേ വാഴുംകാലം വീക്ഷണമെന്നെത്താൻ
പാരം പണിയുണ്ടതുകൊണ്ടുതാൻ വ്യഥയേററം

... ... ... ... ... ... ... ...

... ... ... ... ... ... ... ... ...

എന്തിനു കഥിപ്പൂ ഞാനീശ്വര ചിന്തിതംപോ-
ലെന്തുമെന്നിൽ ഭവിച്ചോട്ടീവണ്ണമഘോരാത്രം
എത്രയുമെണ്ണിയെണ്ണിപോക്കീടാമെന്നുതന്നെ
നിർണ്ണയം ചെയ്തീങ്ങത്രേ വാഴുന്നുണ്ടിനിമേലും.

# ഒരു വിലാപം

No. 1369
1369
916

എം. ലൂക്കോസ്സ്,
പുല്ലുവിള.

M. LUCCAS
PULLUVILA

PRINTED AT
ST. JOSEPH'S PRESS,
TRIVANDRUM
1957

വില അണ 8

ഗ്രന്ഥകർത്താവിൻെറ മുദ്രയില്ലാത്ത പ്രതി വ്യാജനിമ്മിതമാകുന്നു.